(സി) ക്രമക്കേട് കണ്ടെത്തിയ സഹകരണ സംഘങ്ങളിൽ നിയമം 68(1) പ്രകാരമുള്ള അന്വേഷണം പൂർത്തീകരിച്ച 4 കേസുകളിൽ സർചാർജ്ജ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## സഹകരണ ബാങ്കുകളിലെ ഓഡിറ്റ് സംവിധാനം മെച്ചപ്പെടുത്തുന്നതിന് നടപടി

146 (5873) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിലെ ഓഡിറ്റ് സംവിധാനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ടോ;

(ബി) എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ;

(സി) ഓഡിറ്റിങ്ങിനുണ്ടാകുന്ന കാലതാമസം പരിഹരിക്കുന്നതിനും ഓഡിറ്റ് കുടിശ്ശിക പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ഡി) എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പുതുതായി ജോലിയിൽ പ്രവേശിച്ച ഓഡിറ്റർമാർക്ക് പരിശീലനം നൽകുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. കമ്പ്യൂട്ടർവൽകൃത സാഹചര്യങ്ങളിൽ ഓഡിറ്റിൽ ശ്രദ്ധിക്കേണ്ടത് സംബന്ധിച്ച് നിർദ്ദേശവും നൽകിയിട്ടുണ്ട്. ഓഡിറ്റ് കാര്യക്ഷമമാക്കുന്നതിനുവേണ്ടി ആനുപാത വിശകലനം നടത്തുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാരുടെയും ജില്ലാ ഓഡിറ്റ് ജോയിന്റ് ഡയറക്ടർമാരുടെയും അസിസ്റ്റന്റ് ഡയറക്ടർമാരുടെയും പ്രവൃത്തി അവലോകനം നടത്തി വരുന്നുണ്ട്.

(സി) നടപടി സ്വീകരിച്ച വരുന്നു.

(ഡി) ഓഡിറ്റ് ബാക്കിനിൽപ്പിന് മുഖ്യ കാരണം ഓഡിറ്റർമാരുടെ ഒഴിവുകളാണ്. ഇപ്പോൾ ടി ഒഴിവുകൾ പരമാവധി നികത്തിയിട്ടുണ്ട്. സമയബന്ധിതമായി ഓഡിറ്റ് പൂർത്തിയാക്കുന്ന കൺകറന്റ് ഓഡിറ്റർ തസ്തികകളിൽ പ്രവർത്തിക്കുന്ന ഓഡിറ്റർമാരുടെ സേവനം ഉപയോഗപ്പെടുത്തി യൂണിറ്റ് ഓഡിറ്റ് പൂർത്തീകരിക്കുന്നതിനും ഒഴിവുകൾ നികത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച വരുന്നു. കൂടാതെ ഓഡിറ്റർമാരുടെ പ്രവർത്തനം വിലയിരുത്തി ആവശ്യമെങ്കിൽ ഭരണവിഭാഗത്തിൽ നിന്നുള്ള ഇൻസ്പെക്ടർമാരുടെ സഹായവും ഓഡിറ്റ് പൂർത്തീകരിക്കുന്നതിന് ഉപയോഗപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly